**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2839** **06-10-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച നിലപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (എ) | 13.11.2007-ൽ സർക്കാർ ഫയൽ ചെയ്ത അഫിഡവിറ്റിലെ നിലപാടിനോടാണ് ചേർന്നു നിൽക്കുന്നതെന്ന വിവരം 07.11.2016-ൽ ബഹു. സുപ്രീം കോടതിയിൽ നടന്ന ഹിയറിംഗിൽ സ്റ്റാൻഡിംഗ് കൗൺസിൽ കോടതിയെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തലുണ്ട്. |
| (ബി) | 2016-ൽ സ്ത്രീ പ്രവേശനത്തെ എതിർത്തുകൊണ്ട് ആ കാലയളവിലെ സർക്കാർ സ്വീകരിച്ച നിലപാടിന് പകരം 2007-ൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞതാണ് സർക്കാർ നിലപാടെന്ന് മുൻ സർക്കാരിന് വേണ്ടി ഹാജരായ വക്കീൽ സുപ്രീം കോടതിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 13.11.2007-ൽ സർക്കാർ ഫയൽ ചെയ്ത അഫിഡവിറ്റിലെ നിലപാടിനോടാണ് ചേർന്നു നിൽക്കുന്നതെന്ന വിവരം 07.11.2016-ൽ ബഹു. സുപ്രീം കോടതിയിൽ നടന്ന ഹിയറിംഗിൽ സ്റ്റാൻഡിംഗ് കൗൺസിൽ കോടതിയെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തലുണ്ട്. |
| (സി) | ഈ നിലപാട് തിരുത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജികൾ നിലവിൽ വിശാല ബെഞ്ചിന്റെ പരിഗണനയിലാണ്. പുനഃപരിശോധനാ ഹർജികൾ നിലനിൽക്കുമോ എന്ന വിഷയം മാത്രമേ കോടതി പരിഗണിച്ചിട്ടുള്ളൂ. തുടർനടപടികൾ ആരംഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നിലപാട് പരിശോധിക്കേണ്ടതായി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ